Reg with A/D

PAN/8914/2021-D4(DP)

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
സ്വരാജ് ഭവൻ,നന്തൻകോട്
കവടിയാർ പി.ഒ. തിരുവനന്തപുരം – 695003
dpvigilance@gmail.com
0471-2323286 തീയതി : 17/12/2022

## കാരണം കാണിക്കൽ നോട്ടീസ്

വിഷയം: പഞ്ചായത്ത് വകുപ്പ് – ഭരണ ജാഗ്രത – മലപ്പുറം ജില്ല – കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത് – സീനിയർ ക്ലർക്ക് ശ്രീ.ബിജു.കെ.ജി എന്നവർക്കെതിരായ അച്ചടക്ക നടപടി – കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന:
1. മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 29.05.2021 ലെ DDP/MPM/15/2020-D3 നമ്പർ കത്ത്.
2. ഈ ഓഫീസിലെ 26.08.2021 ലെ ഇതേ നമ്പർ കുറ്റാരോപണ മെമ്മോ.
3. മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 03.12.2021 തീയതിയിലെ ഡിഡിപി-എംപിഎം-1816/2021/ഡി4 നമ്പർ കത്തും, അനുബന്ധവും.
4. മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 13.05.2022 തീയതിയിലെ ഡിഡിപി-എംപിഎം-1816/2021-ഡി4 നമ്പർ അഭിപ്രായ റിപ്പോർട്ട്.
5. ഈ ഓഫീസിലെ 30.06.2022 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
6. മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 30.09.2022 തീയതിയിലെ ഡിഡിപി-എംപിഎം-1816/2021-ഡി4 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്.
7. ഈ ഓഫീസിലെ 25.10.2022 തീയതിയിലെ ഇതേ നമ്പർ കത്ത്.
8. കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 02.10.2022 തീയതിയിലെ എ 1-4865/2021 നമ്പർ കത്ത്.
9. മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 24.10.2022 തീയതിയിലെ ഡിഡിപി-എംപിഎം-1816/2021-ഡി4 നമ്പർ കത്ത്.

മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലർക്കായിരുന്ന ശ്രീ.കെ.ജി.ബിജു എന്ന താങ്കൾക്ക് പഞ്ചായത്ത് ഡയറക്ടറുടെ 28.03.2016 തീയതിയിലെ ഇ 5-8677/2016 നമ്പർ ഉത്തരവ് പ്രകാരം കെഎസ്ആർ ഭാഗം 1 അനുബന്ധം 12 സി പ്രകാരം



Generated from eOffice by Sherin H A, VIGD2 PD LSGD, VIGD2 PD LSGD, PD LSGD on 24/03/2024 12:41 PM

06.05.2016 മുതൽ 5 വർഷത്തേയ്ക്ക് ശൂന്യവേതന അവധി ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. പ്രസ്തുത കാലയളവ് പൂർത്തീകരിച്ച് ഉടൻ തന്നെ സേവനത്തിൽ പുനപ്രവേശിക്കേണ്ടതും അല്ലെങ്കിൽ ശൂന്യവേതന അവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ അവധി കാലയളവ് അവസാനിക്കുന്നതിന് കുറഞ്ഞത് 3 മാസം മുമ്പെങ്കിലും ഉചിതമാർഗ്ഗേണ സമർപ്പിക്കേണ്ടതാണെന്നും ഇതിന് വീഴ്ച്ച വരുത്തുന്ന പക്ഷം 1960 ലെ KCS (CC&A) ചട്ടങ്ങൾ അനുസരിച്ച് നടപടികൾക്ക് താങ്കൾ വിധേയമാകുന്നതായിരിക്കുമെന്നും ഉത്തരവായിരുന്നു.

മേൽ ശൂന്യവേതനാവധി 05.05.2021 ൽ അവസാനിക്കുകയും, 06.05.2021 ൽ താങ്കൾ ജോലിയിൽ തിരികെ പ്രവേശിക്കേണ്ടതായിരുന്നുവെങ്കിലും നാളിതുവരെ ജോലിയിൽ പുനപ്രവേശിച്ചിട്ടില്ലായെന്നും അവധി 5 വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതിന് ഇ മെയിൽ മുഖേന കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിലേയ്ക്ക് അപേക്ഷ നൽകിയതായും എന്നാൽ സർക്കാരിൻറെ 05.11.2020 ലെ സ.ഉ(അ) 152/2020/ധന ഉത്തരവ് പ്രകാരം ശൂന്യവേതനാവധി 5 വർഷമായി നിജപ്പെടുത്തിയിട്ടുള്ളതിനാൽ താങ്കളുടെ അവധി അപേക്ഷ നിരസിച്ച് സെക്രട്ടറി കത്ത് നൽകിയതായിട്ടുള്ളതായും സൂചന (1) പ്രകാരം മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ താങ്കൾക്കെതിരെ 1960 ലെ KCS (CC&A) ചട്ടങ്ങളിലെ ചട്ടം 15 അനുശാസിയ്ക്കും വിധം സൂചന (2) പ്രകാരം ചുവടെ പറയും പ്രകാരം കുറ്റാരോപണ മെമ്മോ പുറപ്പെടുവിച്ച് അച്ചടക്ക നടപടി ആരംഭിച്ചിരുന്നു.

***1)*** *ഈ ആഫീസിലെ 28.03.2016 തീയതിയിലെ ഇ 5-8677/16 നമ്പർ ഉത്തരവ് പ്രകാരം 06.05.2016 മുതൽ 5 വർഷത്തേയ്ക്ക് കെ.എസ്.ആർ ഭാഗം-1, അനുബന്ധം 12 സി പ്രകാരം ശൂന്യവേതനാവധി ദീർഘിപ്പിച്ചു നൽകിയിരുന്നു . എന്നാൽ ടി ശൂന്യവേതനാവധിയുടെ കാലാവധി അവസാനിച്ചിട്ടും ഉടൻ സേവനത്തിൽ തിരികെ പ്രവേശിക്കാതെ അനധികൃതമായി അവധിയിൽ തുടരുന്നത് താങ്കളുടെ ഭാഗത്തുനിന്നുള്ള അതീവ ഗുരുതരമായ വീഴ്ചയാണ്.*

***2)*** *സർക്കാരിൻറ 05.11.2020 ലെ സ.ഉ(അ)നം.152/2020 ധന. ഉത്തരവിലെ ഖണ്ഡിക 2 പ്രകാരം ശൂന്യവേതനാവധി 5 വർഷമായി ചുരുക്കിയിട്ടുണ്ട്. താങ്കൾ കാലാവധി കഴിഞ്ഞും സേവനത്തിൽ തിരികെ പ്രവേശിക്കാത്തത് പ്രസ്തുത സർക്കാർ ഉത്തരവിൻറെ ലംഘനമാണ്.*

***3)*** *മുൻകൂർ അവധി അനുവദിച്ച് ഉത്തരവാകാതെ ഓഫീസിൽ ഹാജരാകാതിരിക്കുന്നത് കെ.എസ്.ആർ അനുബന്ധം 12-A(9)ൻറെയും കെ.എസ്.ആർ റൂൾ 65 ൻറെയും ലംഘനമാണ്.*

താങ്കളുടെ എതിർവാദപത്രികയും, കുറ്റാരോപണ മെമ്മോ കൈപ്പറ്റിയ പകർപ്പും ഇ മെയിൽ വഴി ലഭിച്ചിട്ടുണ്ടെന്നും, പ്രസ്തുത കുറ്റാരോപണ മെമ്മോ രജിസ്റ്റേർഡ് തപാൽ ആയി താങ്കൾക്ക് അയച്ച് നൽകിയിട്ടുള്ളത് സ്ഥലത്തില്ല എന്ന് കാണിച്ച് തിരികെ ലഭിച്ചിട്ടുണ്ടെന്നും മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സൂചന (3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.



Generated from eOffice by Sherin H A, VIGD2 PD LSGD, VIGD2 PD LSGD, PD LSGD on 24/03/2024 12:41 PM

പ്രസ്തുത എതിർവാദപത്രികയിൽ താങ്കളുടെ ശൂന്യവേതന അവധി 05.05.2021–ന് അവസാനിച്ചിട്ടുണ്ടെന്നും, ഇപ്പോൾ അയർലണ്ടിലാണെന്നും, കോവിഡ് കാലമായതിനാൽ സഞ്ചാരസ്വാതന്ത്ര്യം അനുവദനീയമല്ലയെന്നും പ്രസ്തുത സ്ഥലത്ത് ആരോഗ്യവകുപ്പിൽ സേവനമനുഷ്ഠിക്കുന്ന താങ്കളുടെ ഭാര്യ വളരെ തിരക്കുള്ള അവസ്ഥയിലാണ് ജോലി ചെയ്യുന്നുവെന്നും ടി രാജ്യത്തിൻറ നിയമപ്രകാരം കുട്ടികളെ തനിയെ വീട്ടിൽ നിർത്താൻ പാടുള്ളതല്ലായെന്നും തൻറെ നിസഹായവസ്ഥ പരിഗണിച്ച് സേവനത്തിൽ പുനപ്രവേശിക്കുന്നതിന് 01.01.222 വരെ അനുവദിക്കണമെന്നും , തൻറെ പേരിൽ കർശന നടപടികൾ എടുക്കാതെ മാപ്പാക്കണമെന്നും അപേക്ഷിച്ചിരുന്നു.

മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സൂചന (4) പ്രകാരം അഭിപ്രായ റിപ്പോർട്ട് സമർപ്പിച്ചതിൽ താങ്കൾ 06.05.2006 മുതൽ 5 വർഷത്തേക്ക് സർക്കാർ ഉത്തരവിന് വിധേയമായി ശൂന്യവേതനവധിയിൽ പ്രവേശിക്കുകയും, തുടർന്ന് 06.05.2011 മുതൽ വീണ്ടും 5 വർഷത്തേക്കും, അതിനുശേഷം 06.05.2016 മുതൽ 5 വർഷത്തേക്കും ശൂന്യവേതനവധി ദീർഘിപ്പിച്ചു നൽകുകയും ആയത് സേവന പുസ്തകത്തിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. താങ്കളുടെ അവധി 05.05.2021 ന് അവധി അവസാനിച്ചിട്ടുണ്ടെന്നും 17.05.2021 ന് ലീവ് ദീർഘിപ്പിക്കുന്നതിന് വീണ്ടും അപേക്ഷിച്ചിരുന്നുവെന്നും സർക്കാർ ഉദ്യോഗസ്ഥർക്ക് വിദേശത്തോ, സ്വദേശത്തോ മെച്ചപ്പെട്ട മറ്റു ജോലികളിൽ ഏർപ്പെടുന്നതിന് കെ .എസ്.ആർ ഭാഗം–1, അനുബന്ധം XII A പ്രകാരവും, വിദേശത്തോ സ്വദേശത്തോ പങ്കാളിയോടൊപ്പം താമസിക്കുന്നതിന് കെ.എസ്.ആർ ഭാഗം 1 അനുബന്ധം 12 C പ്രകാരവും ഒരു ഘട്ടത്തിൽ 5 വർഷം എന്ന തരത്തിൽ പരമവധി 20 വർഷം വരെ അനുവദിച്ചു വരുന്ന ശൂന്യവേതനാവധി നിലവിൽ 05/11/2020 ലെ 152/20 നമ്പർ ഉത്തരവ് പ്രകാരം സർവ്വീസ് കാലയളവിൽ പരമാവധി 5 വർഷമായി നിജപ്പെടുത്തുകയുണ്ടായി. 30/12/2020 ലെ നം. 83/2020/ധന സർകുലർ പ്രകാരം 5 വർഷത്തിധികം കാലയളവിലേക്ക് അവധി ദീർഘിപ്പിക്കുന്നതിനായി 05/11/2020 നു ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കേണ്ടതും ഇതിനകം അനുവദിച്ച അവധി കാലയലവ് അവസാനിക്കുന്ന മുറക്ക് തിരികെ സർവ്വീസിൽ പ്രവേശിക്കേണ്ടതാണെന്ന് അപേക്ഷകനെ അറിയിക്കേണ്ടതുമാണ്.

മേൽ ഉത്തരവുകൾ പ്രകാരം അവധി ദീർപ്പിച്ചു നൽകാൻ സാധിക്കുകയില്ല എന്നതിനാലും താങ്കൾ അവധി കഴിഞ്ഞ് ഇന്നേവരെ ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്തതിനാലും ജോലിയിൽ പ്രവേശിക്കാതെ അനധികൃതമായി അവധിയിൽ തുടരുന്നതിനാലും താങ്കളുടെ ഭാഗത്ത് നിന്നും വീഴ്ച്ചയുണ്ടെന്ന് റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

താങ്കൾക്കെതിരായ അച്ചടക്ക നടപടിയിൽ സൂചന (5) പ്രകാരം മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ഔപചാരിക അന്വേഷണം നടത്തുന്നതിന് ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിൻറെ അടിസ്ഥാനത്തിൽ മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സൂചന (6) പ്രകാരം ഔപചാരിക അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. താങ്കളെ ഔപചാരിക അന്വേഷണത്തിൽ നേരിൽ കേൾക്കുന്നതിന് രജിസ്റ്റേഡ് തപാലായി വീട്ടുവിലാസത്തിൽ ഹിയറിംഗ് നോട്ടീസ് അയച്ചെങ്കിലും ആയത് 'left



Generated from eOffice by Sherin H A, VIGD2 PD LSGD, VIGD2 PD LSGD, PD LSGD on 24/03/2024 12:41 PM

place' എന്ന് രേഖപ്പെടുത്തി തിരികെ ലഭിച്ചിട്ടുണ്ടെന്നും ആയതിനാൽ നേരിൽ കേൾക്കാൻ സാധിച്ചിട്ടില്ലായെന്നും ബോധിപ്പിച്ചിരുന്നു. സർക്കാർ ഉദ്യോഗസ്ഥർക്ക് വിദേശത്തോ സ്വദേശത്തോ മെച്ചപ്പെട്ട മറ്റു ജോലികളിൽ ഏർപ്പെടുന്നതിന് കെ .എസ്.ആർ ഭാഗം 1, അനുബന്ധം 12 A പ്രകാരവും വിദേശത്തോ, സ്വദേശത്തോ പങ്കാളിയോടൊപ്പം താമസിക്കുന്നതിന് കെ.എസ്.ആർ ഭാഗം 1 അനുബന്ധം 12 സി പ്രകാരവും ഒരു ഘട്ടത്തിൽ 5 വർഷം എന്ന തരത്തിൽ പരമാവധി 20 വർഷം വരെ അനുവദിച്ചു വന്നിരുന്ന ശൂന്യവേതനാവധി നിലവിൽ 05/11/2020 ലെ 152/2020 ധന നമ്പർ ഉത്തരവ് പ്രകാരം സർവ്വീസ് കാലയളവിൽ പരമാവധി 5 വർഷമായി നിജപ്പെടുത്തുകയുണ്ടായി. 30/12/2020 ലെ നം 83/2020/ധന സർക്കുലർ പ്രകാരം 5 വർഷത്തിലധികം കാലയളവിലേക്ക് അവധി ദീർഘിപ്പിക്കുന്നതിനായി 05/11/2020 ന് ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കേണ്ടതും ഇതിനകം അനുവദിച്ച അവധി കാലയലവ് അവസാനിക്കുന്ന മുറക്ക് തിരികെ സർവ്വീസിൽ പ്രവേശിക്കേണ്ടതാണെന്ന് അപേക്ഷകനെ അറിയിക്കേണ്ടതുമാണ് . മേൽ ഉത്തരവുകൾ പ്രകാരം അവധി ദിർഘിപ്പിച്ചു നൽകാൻ സാധിക്കുകയില്ല എന്നതിനാലും താങ്കൾ അവധി കഴിഞ്ഞ് ഇന്നേവരെ ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്തതിനാലും ജോലിയിൽ പ്രവേശിക്കാതെ അനധികൃതമായി അവധിയിൽ തുടരുന്നതിനാലും താങ്കളുടെ ഭാഗത്തു നിന്ന് ഇക്കാര്യത്തിൽ വീഴ്ച സംഭവിച്ചതായി വിലയിരുത്തിയിരുന്നു.

താങ്കൾക്കെതിരായ അച്ചടക്ക നടപടിയിൽ ശിക്ഷ നിശ്ചയിക്കുന്നതിന് മുമ്പായി 03.11.2022 ന് ഓൺലൈനായി നേരിൽ കേൾക്കുന്നതിന് തീരുമാനിച്ച് സൂചന (7) ഹിയറിംഗ് നോട്ടീസ് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന അയച്ച് നൽകിയിരുന്നു. ആയത് താങ്കൾക്ക് ഇമെയിലായും, രജിസ്റ്റേഡ് തപാൽ മുഖേനയും നൽകിയിട്ടുണ്ടെന്നും സൂചന (8) പ്രകാരം സമർപ്പിച്ചിരുന്നു. മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഔപചാരിക അന്വേഷണ റിപ്പോർട്ട് താങ്കളുടെ വീട്ടു വിലാസത്തിൽ അയച്ച് നൽകിയത് 'left India' എന്ന് രേഖപ്പെടുത്തി കവർ സഹിതം തിരികെ ലഭിച്ചിട്ടുണ്ടെന്നും സൂചന (9) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. 03.11.2022 തീയതിയിലെ ഹിയറിംഗിന് താങ്കൾ പങ്കെടുക്കുകയോ , ഹിയറിംഗ് നോട്ടീസിന് മറുപടി സമർപ്പിക്കുകയോ ചെയ്തിരുന്നില്ല. മേൽ വസ്തുതകളിൽ നിന്നും താങ്കൾക്ക് ഈ ജോലി ആവശ്യമില്ലായെന്നും, ഓഫീസിൽ ജീവനക്കാരുടെ കുറവുള്ള സാഹചര്യത്തിലും താങ്കളുടെ പ്രതികരണത്തിനായി കാത്തിരിക്കുന്നതിൽ യാതൊരു ന്യായവുമില്ലായെന്നും ബോധ്യപ്പെടുന്നു.

മേൽ സാഹചര്യത്തിൽ വസ്തുതകളും, മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടുകളും, ഔപചാരിക അന്വേഷണ റിപ്പോർട്ടിലെ അഭിപ്രായവും, താങ്കളുടെ എതിർവാദപത്രികയും പരിശോധിച്ചതിൽ 06.05.2021 തീയതി മുതൽ സേവനത്തിൽ ഹാജരാകാതെ അനധികൃത ഹാജരില്ലായ്മയിൽ തുടർന്നതിലൂടെ താങ്കൾ ഗുരുതരമായ അച്ചടക്ക ലംഘനത്തിനും, കൃത്യവിലോപത്തിനും, സർവ്വീസ് ചട്ടങ്ങളോടുള്ള അനാദരവിനും ഉത്തരവാദിയാണെന്ന് കാണുന്നു. കേരള സർവ്വീസ് ചട്ടം ഭാഗം 1 അനുബന്ധം X11 A ലെ ഖണ്ഡിക 9 പ്രകാരവും 1960 ലെ കേരള സിവിൽ സർവ്വീസ് ( തരം തിരിവും നിയന്ത്രണവും & അപ്പീലും) ചട്ടങ്ങൾ പ്രകാരവും മാന്വൽ ഓഫ് ഡിസിപ്ലിനറി പ്രൊസീഡിംഗ്സ് ഖണ്ഡിക 53



Generated from eOffice by Sherin H A, VIGD2 PD LSGD, VIGD2 PD LSGD, PD LSGD on 24/03/2024 12:41 PM

പ്രകാരം അവധി അനുവദിക്കാതെ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്ന **താങ്കളെ സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു.** പ്രസ്തുത താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവാകാതിരിക്കാൻ തക്കതായ കാരണമെന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ലായെന്ന നിഗമനത്തിൽ നിർദ്ദിഷ്ട താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവാകുന്നതാണ്.

**വിശ്വസ്തതയോടെ**

H. DINESHAN IAS
DIRECTOR OF PANCHAYATH

**ശ്രീ.ബിജു കെ.ജി,**
**സീനിയർ ക്ലർക്ക്,**
**കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത്.**
**( മലപ്പുറം, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന )**

**പകർപ്പ്**

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം. ( കാരണം കാണിക്കൽ നോട്ടീസ് ശ്രീ.ബിജു.കെ.ജിയ്ക്ക് നൽകി ടിയാൻറ ഒപ്പം, തീയതിയും രേഖപ്പെടുത്തി കൈപ്പറ്റ് പകർപ്പ് സമയബന്ധിതമായി റിപ്പോർട്ട് സഹിതം സമർപ്പിക്കേണ്ടതാണ്.)
2. സെക്രട്ടറി, കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത്.



Generated from eOffice by Sherin H A, VIGD2 PD LSGD, VIGD2 PD LSGD, PD LSGD on 24/03/2024 12:41 PM